"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ഇടുക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ ആയിരുന്ന ശ്രീ. കെന്നഡി ജോണിന്റെ ചികിത്സയ്ക്കായുള്ള പലിശ രഹിത വായ്പ - ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.359/2022/LSGD തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-

1. 18.09.2015 തീയതിയിലെ സ.ഉ.(സാധാ)നം. 2863/2015/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.10.2021 തീയതിയിലെ (എൽ.ഡിസ്) എം.ആർ3/50027/2021/ആ.വ.ഡ നമ്പർ കത്ത്.
3. മുഖ്യ നഗരാസൂത്രകന്റെ 05.01.2021 , 16.11.2021 എന്നീ തീയതികളിലെ TCPCTP/1982/2020-B3 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലാ ടൗൺ പ്ലാനർ കാര്യാലയത്തിലെ അസിസ്റ്റന്റ് ടൗൺ പ്ലാനറായിരുന്ന ശ്രീ കെന്നഡി ജോണിന് ഹൃദയസംബന്ധമായ ചികിത്സക്കായി പരാമർശം 1 പ്രകാരം 1,50,000/- രൂപ(ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിത വായ്പ മെഡിക്കൽ അഡ്വാൻസായി അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്ന് ടിയാന് ചികിത്സക്കായി അനുവദിനീയമായ തുകയായ 68,819/- രൂപ കിഴിച്ച് ബാക്കി തുകയായ 81,381/- (എൺപത്തിയൊന്നായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) ട്രഷറിയിൽ അടയ്ക്കുകയും ആയത് പ്രകാരം പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2,3) പ്രകാരം യഥാക്രമം ആരോഗ്യ വകുപ്പ് ഡയറക്ടറും മുഖ്യ നഗരാസൂത്രകനും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ ആയിരുന്ന ശ്രീ. കെന്നഡി ജോണിന് കോട്ടയം മെഡിക്കൽ കോളേജിൽ 20.9.2015 മുതൽ വരെ 08.10.2015 വരെയുള്ള കാലയളവിൽ ഹൃദയ സംബന്ധമായ ചികിത്സയ്ക്കായി ആകെ ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 68,819/- രൂപ(അറുപത്തി എട്ടായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപാ മാത്രം) , പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയുടെ പലിശ രഹിത വായ്പയിൽ ക്രമീകരിച്ച്, വായ്പയിൽ ബാക്കിയുള്ള 81,181/- രൂപ (എൺപത്തിയൊന്നായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) ടിയാൻ ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കിയിട്ടുള്ളതിനാൽ പ്രസ്തുത പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിച്ചും ടിയാൻ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ച 200/- രൂപ അപേക്ഷകന് തിരികെ നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

<u>പകർപ്പ്:</u>

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും ഉൾപ്പെടെ ).
ശ്രീ കെന്നഡി ജോൺ,അസിസ്റ്റന്റ് ടൗൺ പ്ലാനർ(Rtd)(മുഖ്യ നഗരാസൂത്രകൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/29/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ